2024
MAY
16
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## ഇടവിട്ടുള്ള മഴ: ഡെങ്കിപ്പനി വ്യാപന മുന്നറിയിപ്പ്

**തിരുവനന്തപുരം:** ഇടവിട്ടുള്ള മഴ ഡെങ്കിപ്പനി വ്യാപനത്തിന് കാരണമാകുന്നതിനാൽ ഊർജിത പ്രതിരോധ പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ നടത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ പ്രധാന പങ്ക് വഹിക്കാനാകും. പൊതുജന പങ്കാളിത്തത്തോടെ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. വീടിനും സ്ഥാപനത്തിനും അകത്തും പുറത്തും അൽപം പോലും വെള്ളം കെട്ടി നിർത്താതെ നോക്കുകയാണ് പ്രധാനം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി അതിനുള്ള സാധ്യത ഇല്ലാതെയാക്കണം. ഡെങ്കിപ്പനി വന്നവരും അല്ലാത്തവരും ഒരുപോലെ മുൻകരുതലുകളെടുക്കണം. ഒരു തവണ രോഗം ബാധിച്ചവർക്ക് വീണ്ടും രോഗം വന്നാൽ ഗുരുതരമാകാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധിക്കണം. നീണ്ടു നിൽക്കുന്ന പനിയാണെങ്കിൽ എത്രയും വേഗം വിദഗ്ധ ചികിത്സ ലഭ്യമാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.'സാമൂഹ്യ പങ്കാളിത്തതോടെ ഡെങ്കിപ്പനിയെ നിയന്ത്രിക്കാം' ( Connect with Community Cotnrol Dengue) എന്നതാണ് ഈ വർഷത്തെ ദേശീയ ഡെങ്കിപ്പനി ദിനാചരണ സന്ദേശം. ഡെങ്കിപ്പനി പ്രതിരോധത്തിലും നിയന്ത്രണത്തിലും സമൂഹത്തിന് പ്രധാന പങ്ക് വഹിക്കാനാകും.



സംസ്ഥാനതല ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങളുടെയും മറ്റ് പകർച്ച വ്യാധികളുടെയും പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ യോഗം സംഘടിപ്പിക്കുന്നു. മഴക്കാല രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും വിവിധ വകുപ്പുകളുടെ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമായതിനാലാണ് ഇത്തരമൊരു യോഗം സംഘടിപ്പിക്കുന്നത്. കാലാവസ്ഥാ വ്യതിയാനമാണ് കൊതുകുജന്യ രോഗമായ ഡെങ്കിപ്പനി ഇപ്പോഴും വിട്ടുമാറാത്തതിന്റെ പ്രധാന കാരണം. ഈഡിസ് ഈജിപ്റ്റി എന്നയിനം കൊതുകുകളാണ് ഡെങ്കിപ്പനി പരത്തുന്നത്.

## 14 പേർക്ക് പൗരത്വ സർട്ടിഫിക്കറ്റ് നൽകി

# സിഎഎ പ്രാബല്യത്തിൽ

**ന്യൂഡൽഹി :** രാജ്യത്ത് പൗരത്വ ഭേദഗതി നിയമം നടപ്പാക്കിത്തുടങ്ങി. പൗരത്വ (ഭേദഗതി) ചട്ടങ്ങൾ 2024 ന്റെ വിജ്ഞാപനത്തിനെ തുടർന്ന് പൗരത്വ സർട്ടിഫിക്കറ്റുകളുടെ ആദ്യ സെറ്റ് ഇന്നലെ വിതരണം ചെയ്തു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് കുമാർ ബല്ല 14 പേർക്ക് ഇന്നലെ പൗരത്വ സർട്ടിഫിക്കറ്റ് കൈമാറി. 2024 മാർച്ച് 11ന് കേന്ദ്ര ഗവൺമെന്റ് പൗരത്വ (ഭേദഗതി) ചട്ടങ്ങൾ, 2024 വിജ്ഞാപനം ചെയ്തു. ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള ഹിന്ദു, സിഖ്, ജൈന, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ സമുദായങ്ങളിൽപ്പെട്ടവരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്.ഇവർ മതത്തിന്റെ പേരിലുള്ള പീഡനത്തിന്റെ പേരിലോ അത്തരം പീഡനങ്ങളെ ഭയന്നോ 31.12.2014 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ എത്തിയവർ ആണെന്ന് കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രാലയം വ്യക്തമാക്കി.




തപാൽ വകുപ്പ് സീനിയർ സൂപ്രണ്ട് / സൂപ്രണ്ട് ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികൾ (ഡിഎൽസി) രേഖകൾ പരിശോധിച്ച ശേഷം അപേക്ഷകർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നിയമാനുസൃത നടപടികൾക്ക് ശേഷം ഡിഎൽസികൾ ഡയറക്ടറുടെ (സെൻസസ് ഓപ്പറേഷൻ) നേതൃത്വത്തിലുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിക്ക് അപേക്ഷകൾ കൈമാറി.

അപേക്ഷയുടെ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ പോർട്ടൽ വഴിയാണ് നിർവഹിച്ചത്.ഡൽഹിയിലെ സെൻസസ് ഓപ്പറേഷൻ ഡയറക്ടറുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റി കൃത്യമായ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 14 അപേക്ഷകർക്ക് പൗരത്വം നൽകാൻ തീരുമാനിച്ചു.

അതനുസരിച്ച്, ഈ അപേക്ഷകർക്ക് ഡയറക്ടർ (സെൻസസ് ഓപ്പറേഷൻ) സർട്ടിഫിക്കറ്റുകൾ അനുവദിച്ചതായും കേന്ദ്ര ആഭ്യന്തരമന്ത്രാലയം വ്യക്തമാക്കി. ഇതിനിടയിൽ പൗരത്വ ഭേദഗതി നടപ്പാക്കിയതിനെതിരെ സുപ്രിം കോടതിയെ സമീപിക്കാനൊരുങ്ങുകയാണ് പ്രതിഷേധക്കാർ. സിഎഎയ്ക്കിതെ നിരവധി ഹരജികൾ സുപ്രിം കോടതിയിൽ ഉണ്ട്. ഇത് കോടതിയുടെ പരിഗണനയിൽ ഇരിക്കെ പൗരത്വം നൽകിയ നടപടി റദ്ദാക്കണമെന്നാണ് ഇവരുടെ ആവശ്യം.

## വനിതകൾക്ക് 'എന്നിടം' ഒരുങ്ങുന്നു

### പ്രവർത്തന ചുമതല സിഡിഎസ് ഭാരവാഹികൾക്ക്

**തിരുവനന്തപുരം:** കുടുംബശ്രീ പ്രവർത്തനങ്ങൾ ഇരുപത്തിയാറ് വർഷം പൂർത്തിയാക്കുമ്പോൾ കുടുംബശ്രീ അംഗങ്ങളുടെ കലാ സാംസ്കാരിക സാമൂഹ്യ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ ഓരോ എ.ഡി.എസിലും 'എന്നിടം' സജ്ജമാകുന്നു. വാർഡ്തലത്തിലുള്ള എ.ഡി.എസ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതോടൊപ്പം വനിതകളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കാനുള്ള സാംസ്കാരിക കേന്ദ്രമായും മാനസികോല്ലാസത്തിനുള്ള വേദിയായും 'എന്നിടം' മാറും. അതത് എ.ഡി.എസ് ഭാരവാഹികൾക്കാണ് ഇതിന്റെ പ്രവർത്തന ചുമതല.സംഘടനാ ശാക്തീകരണവും കുടുംബശ്രീ വനിതകളുടെ സാംസ്കാരിക ശാക്തീകരണവും ലക്ഷ്യമിട്ടു കൊണ്ട് നടപ്പാക്കുന്ന വേറിട്ട പദ്ധതിയാണ് 'എന്നിടം'. അയൽക്കൂട്ട വനിതകളുടെ കലാ സാഹിത്യ വാസനകൾ വളർത്താനും ആശയങ്ങൾ പങ്കു വയ്ക്കാനുമുള്ള വേദിയായിരിക്കും 'എന്നിടം'. ഓരോ വാർഡിലെയും തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതു ഇടങ്ങൾ, വായനശാലകൾ എന്നിവിടങ്ങളാണ് 'എന്നിടം'ത്തിനായി തയ്യാറാവുന്നത്. അംഗങ്ങളിൽ സാമൂഹിക സാംസ്കാരിക അവബോധം സൃഷ്ടിക്കുക, പൊതു സമൂഹത്തിൽ മാനസികാരോഗ്യം ഉറപ്പു വരുത്തുക, നാടിന്റെ സൗഹാർദ്ദ അന്തരീക്ഷം മെച്ചപ്പെടുത്തുക എന്നിവയും 'എന്നിട'ത്തിലൂടെ ലക്ഷ്യമിടുന്നു.എല്ലാ വർഷവും കുടുംബശ്രീ വാർഷികദിനമായ മെയ് 17നും അനുബന്ധ ആഴ്ചയിലും എ.ഡി.എസ്തലത്തിൽ അയൽക്കൂട്ട, ഓക്സിലറി, ബാലസഭകളിലെ അംഗങ്ങൾ, ബഡ്സ് ബി.ആർ.സി അംഗങ്ങൾ, വയോജനങ്ങൾ തുടങ്ങി എല്ലാവരെയും പങ്കെടുപ്പിച്ചു കൊണ്ട് വിവിധ കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും. കൂടാതെ സാമൂഹ്യമേഖലയിലും വിനോദ വിജ്ഞാന കലാ കായിക മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾക്കും 'എന്നിടം' വേദിയാകും. എല്ലാ മാസവും ഒരു ദിവസം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനാണ് നിർദേശം.കുടുംബശ്രീ വാർഷിക ദിനമായ നാളെ വൈകുന്നേരം 3.30ന് തിരുവനന്തപുരം ജില്ലയിൽ ആര്യങ്കോട് പഞ്ചായത്തിലെ കരിക്കോട്ടുകുഴി എ.ഡി.എസിൽ 'എന്നിട'ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർമാലിക് നിർവഹിക്കും.

കുടുംബശ്രീ
ഒന്നായ് മുന്നേറാം



# പുസ്തകപ്രകാശനം നടത്തി

**കൊച്ചി :** മനുഷ്യമനസ്സിന്റെ മനസ്സിലുണർത്തുന്ന സനാതനമായതും അതുപോലെ താത്കാലികവുമായ പ്രശ്നങ്ങൾ തമ്മിലുള്ള ബന്ധങ്ങളാണ് ഗാലിബ് ഇക്ബാലിന്റെ കവിതകളിൽ പ്രതിഫലിപ്പിക്കുന്നതെന്ന് പ്രൊഫ. എം. കെ. സാനു പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച ഇക്ബാൽ ഇസ്മായിൽ സേട്ടിന്റെ (ഗാലിബ് ഇക്ബാൽ സേട്ട് തൂലിക നാമം) ഇന്നർ റസലിംഗ് പുസ്തകം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻ എം. പി. ഡോ. സെബാസ്റ്റ്യൻ പോൾ പുസ്തകപരിചയം നടത്തി. ചാവറ കൾച്ചറൽ സെന്റർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., ഇക്ബാൽ ഇസ്മായിൽ സേട്ട് എന്നിവർ പ്രസംഗിച്ചു.

# പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറത്തിന്റെ ഐ എം എ ഹൗസിൽ നടന്ന വാർഷിക ജനറൽബോഡി യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.അഡ്വ. ശങ്കർ പി പണിക്കർ (ചെയർമാൻ), സി എ പി ടി ജോയ് (വൈസ് പ്രസിഡന്റ് ആന്റ് പി സി സി ചെയർമാൻ), സി എ ഷോൺ ജെഫ് ക്രിസ്റ്റഫർ (സെക്ര), സി എ രാജേന്ദ്രൻ, സി എം എ സെലിൻ (ജോയിന്റ് സെക്ര), സി എ മുകേഷ് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

# എൽബിഎസ് കോഴ്സുകൾ

**കൊച്ചി:** കേരള സർക്കാർ സംരംഭമായ എൽബിഎസ് സ്കിൽ സെന്ററിൽ പ്ലസ് ടു യോഗ്യതയുള്ള ഡിസിഎ, അക്കൗണ്ടിങ് , ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ് മുതലായ വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ള വിദ്യാർഥികൾ ഠഠഠ.ഹയസൈശഹഹരലിൃേല.രീ എന്ന വെബ്സൈറ്റിൽ കയറി നിങ്ങൾക്കടുത്തുള്ള സെന്ററിൽ ബന്ധപെടാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് 62385 53571.




# ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ഉടൻ നിലവിൽ വരും : പ്രൊഫ. ജെ ബി നദ്ദ

**കൊച്ചി:** രാജ്യത്തെ ഉന്നത വിദ്യാഭ്യാസ റഗുലേറ്ററി ഏജൻസിയായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ സമ്പൂർണ്ണമായി പരിഷ്കരിച്ച് ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ഉടൻ നിലവിൽ വരുമെന്ന് യു ജി സിയുടെ കൺസോർഷ്യം ഓഫ് എഡ്യൂക്കേഷണൽ കമ്മ്യൂണിക്കേഷൻ വിഭാഗം ഡയറക്ടർ പ്രൊഫ. ജഗത് ഭൂഷൺ നദ്ദ പറഞ്ഞു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ആരംഭിച്ച ഓൺലൈൻ കോഴ്സുകളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലഘട്ടത്തിനനുസരിച്ച് രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഡിജിറ്റലാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഓൺലൈൻ കോഴ്സുകൾക്ക് കൂടുതൽ പ്രാധാന്യം നൽകും. എല്ലാ സർവ്വകലാശാലകളും ഓരോ പഠന വിഭാഗത്തിലും ഓൺലൈൻ കോഴ്സുകൾ ആരംഭിക്കണം, പ്രൊഫ. ജഗത് ഭൂഷൺ നദ്ദ പറഞ്ഞു. കാലടി മുഖ്യ ക്യാമ്പസിലെ മീഡിയ സെന്ററിൽ സംഘടിപ്പിച്ച ഉദ്ഘാടന സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അധ്യക്ഷയായിരുന്നു. സർവ്വകലാശാലയുടെ ഓൺലൈൻ പഠന കേന്ദ്രം ഡയറക്ടർ പ്രൊഫ. ടി. ആർ. മുരളീകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ ഡോ. എം. എൻ. ബാബു, ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡോ. വി. കെ. ഭവാനി, ഡോ. കെ. എസ്. ജിനിത, ഡോ. കെ. പ്രീതി എന്നിവർ പ്രസംഗിച്ചു. സർവ്വകലാശാലയുടെ കാലടി കാമ്പസിലെ മീഡിയ സെന്ററിൽ ക്രമീകരിച്ചിരിക്കുന്ന ഓൺലൈൻ ലേണിംഗ് സെന്ററും റെക്കോർഡിംഗ് സ്റ്റുഡിയോയും പ്രൊഫ. ജഗദ് ഭൂഷൺ നദ്ദ സന്ദർശിച്ചു.ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെന്റർ ഫോർ ഓൺലൈൻ ലേണിംഗിന്റെ ആഭിമുഖ്യത്തിൽ രണ്ട് ഓൺലൈൻ കോഴ്സുകളാണ് ആരംഭിച്ചിരിക്കുന്നത്. ബേസിക് സാൻസ്ക്രിറ്റ് കോഴ്സ് ഇൻ മലയാളം, സാൻസ്ക്രിറ്റ് ഫോർ സ്പെഷ്യൽ പർപ്പസ് ആയുർവേദ എന്നിവയാണ് സർവ്വകലാശാലയിൽ ആരംഭിച്ചിരിക്കുന്ന ഓൺലൈൻ കോഴ്സുകൾ.



എറണാകുളം സെഞ്ചുറി ഫാമിലി ക്ലബ്ബിൽ നടപ്പാക്കുന്ന വിവിധ വികന പദ്ധതികൾ സംബന്ധിച്ച് ക്ലബ്ബ് പ്രസിഡന്റ് എം.വി തോമസ്, സെക്രട്ടറി കെ ആർ സജീവ് എന്നിവർ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചപ്പോൾ

# സെഞ്ചുറി ഫാമിലി ക്ലബ്ബ് വികസന പദ്ധതികളുടെ ഉദ്ഘാടനം മെയ് 18 ന്

**കൊച്ചി:** എറണാകുളം ജില്ലയിലെ സോഷ്യൽ ക്ലബ്ബുകളിൽ മുൻനിരയിലുള്ള സെഞ്ചുറി ഫാമിലി ക്ലബ്ബിൽ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ക്ലബ്ബിന്റെ 36ാമത് വാർഷിക ആഘോഷവും മെയ് 18, ശനിയാഴ്ച നടക്കും. കൂടുതൽ ആധുനിക രീതിയിൽ ക്ലബ്ബ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഈ വർഷം ഒരു കോടിയിലധികം രൂപ ചെലവഴിച്ചുകൊണ്ടുള്ള വികസന പദ്ധതികളാണ് ഭരണസമിതി വിഭാവനം ചെയ്തിരിക്കുന്നത്. നവീകരണത്തിന്റെ ഭാഗമായി 60 ലക്ഷത്തിലധികം രൂപ ഇതിനോടകം വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു കഴിഞ്ഞു. ഇതിൽ 21 ലക്ഷത്തോളം ചെലവഴിച്ചിരിക്കുന്നത് എല്ലാ വിധ ആഡംബര സൗകര്യങ്ങളോടെ ആധുനിക രീതിയിൽ നവീകരിച്ചിരിക്കുന്ന ലോഞ്ച് റസ്റ്റോറന്റിനാണ്. ഉന്നത ശ്രേണിയിലുള്ള ബിസിനസ് സമൂഹത്തിനും എക്സിക്യൂട്ടീവുകൾക്കും മറ്റും ബിസിനസ് മീറ്റിംഗുകൾ ചേരാനും ചർച്ച ചെയ്യാനും സാധിക്കുന്ന വിധത്തിലുള്ള സൗകര്യങ്ങളോടെയാണ് ലോഞ്ച് റെസ്റ്റോറന്റ് ഒരുക്കിയിരിക്കുന്നത്. പൊതുസമൂഹത്തെ ചേർത്തു നിർത്തുകയെന്ന ലക്ഷ്യത്തോടെ നിർമ്മിക്കുന്ന കമ്മ്യൂണിറ്റി ഹാളിന്റെയും മൂന്നു നിലകളിലായുള്ള ക്ലബ്ബിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കും തുടക്കം കുറിയ്ക്കുകയാണ്. ഫാമിലികൾക്ക് കൂടുതൽ മുൻഗണനൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് ക്ലബ്ബ് മുന്നോട്ടു പോകുന്നത്. 29 അംഗങ്ങളുമായി 1988 ൽ പാലാരിവട്ടത്ത് വാടക കെട്ടിടത്തിൽ തുടക്കം കുറിച്ച സെഞ്ചുറി ക്ലബ്ബിൽ ഇന്ന് 1450 ലധികം അംഗങ്ങളുണ്ട്.രണ്ട് റെസ്റ്റോറന്റുകൾ, ബാർ, ഷട്ടിൽ കോർട്ട്, സ്വിമ്മിംഗ് പൂൾ, മികച്ച രീതിയിലുള്ള കോൺഫ്രൻസ് ഹാളുകൾ, വിശാലമായ കാർ പാർക്കിംഗ് സൗകര്യം, കുട്ടികൾക്കുള്ള കളിസ്ഥലം എന്നിങ്ങനെ എല്ലാവിധ സജ്ജീകരണങ്ങളോടുകൂടി പാലാരിവട്ടം, വെണ്ണലയിൽ സ്വന്തമായുള്ള 1.60 ഏക്കർ സ്ഥലത്താണ് ക്ലബ്ബ് നിലകൊള്ളുന്നത്. നവീകരിച്ച റെസ്റ്റോറന്റിന്റെ ഉദ്ഘാടനം 18 ന് നടക്കുന്ന ക്ലബ്ബിന്റെ വാർഷിക ആഘോഷത്തിനോടനുബന്ധിച്ച് വൈകുന്നേരം ആറിന് ക്ലബ്ബ് പ്രസിഡന്റ് എം വി തോമസ് നിർവ്വഹിക്കും. തുടർന്ന് ഏഴിന് നടക്കുന്ന ക്ലബ്ബ് ഡേ ആഘോഷത്തിൽ ഹൈബി ഈഡൻ എം.പി, വൈപ്പിൻ എംഎൽഎ കെ എൻ ഉണ്ണികൃഷ്ണൻ, മുൻ എംഎൽഎയും കൊച്ചി മുൻ മേയറുമായിരുന്ന ദിനേശ് മണി, മുൻ പിഎസ്സി ചെയർമാൻ കെ എസ് രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുക്കും. തുടർന്ന് ക്ലബ്ബ് അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും നേതൃത്വത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറുമെന്ന് ക്ലബ്ബ് പ്രസിഡന്റ് എം.വി തോമസ്, സെക്രട്ടറി കെ ആർ സജീവ് എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

# ജീവനക്കാരൻ മരിച്ച് 10 വർഷം കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ നൽകിയില്ല ; നിയമ നടപടികൾ നേരിടേണ്ടി വരുമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** മുൻസിപ്പൽ സർവീസിൽ ജീവനക്കാരനായിരിക്കെ 2013 സെപ്റ്റംബർ 22 ന് മരിച്ച ജീവനക്കാരന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ 10 വർഷം കഴിഞ്ഞിട്ടും അവകാശികൾക്ക് അനുവദിക്കാത്തതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് മനപൂർവമായ വീഴ്ചയുണ്ടായതായി മനുഷ്യാവകാശ കമ്മീഷൻ.ഇക്കാര്യത്തിൽ തുടർ നടപടികൾ ഉണ്ടാകുമെന്നും പരാതിക്കാരിക്ക് പലിശ സഹിതം ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ടോ എന്ന് കമ്മീഷൻ പരിശോധിക്കുമെന്നും കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. അന്തരിച്ച ജീവനക്കാരൻ വി. കെ. സുബ്രന്റെ ഭാര്യ അയ്യമ്പിള്ളി സ്വദേശി പി. സി. സുധർമ്മ സമർപ്പിച്ച പരാതിയിലാണ് നടപടി.ചാലക്കുടി നഗരസഭാ സെക്രട്ടറിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. ചാലക്കുടി നഗരസഭയിൽ ഉദ്യോഗസ്ഥനായിരിക്കെയാണ് ജീവനക്കാരൻ മരിച്ചത്. പരാതിക്കാരിക്ക് മിനിമം പെൻഷൻ അനുവദിച്ചെന്നും ആശ്രിതനിയമനം നൽകിയെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. ജീവനക്കാരനുമായി ബന്ധപ്പെട്ട സർവീസ്പ്രശ്നങ്ങൾ സങ്കീർണമാണെന്നും പഴക്കം ചെന്ന രേഖകൾ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ജീവനക്കാരന്റെ സർവീസ് ബുക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായതായും റിപ്പോർട്ടിൽ പറയുന്നു.എന്നാൽ തന്റെ ഭർത്താവിന്റെ സർവീസ് സംബന്ധമായ കാര്യങ്ങളിൽ ഓഡിറ്റ് ചൂണ്ടികാണിച്ച തടസവാദങ്ങളിൽ കൃത്യമായ നടപടി സ്വീകരിച്ചിരുന്നെങ്കിൽ യഥാസമയം പരാതി പരിഹരിക്കാൻ കഴിയുമായിരുന്നുവെന്ന് പരാതിക്കാരി കമ്മീഷനെ അറിയിച്ചു. ഓഡിറ്റ് ക്വറി പരിഹരിക്കാൻ 10 വർഷത്തെ കാലതാമസം ഉണ്ടായതായും പരാതിക്കാരി അറിയിച്ചു. സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് യഥാസമയം സർവീസ് ആനുകൂല്യങ്ങൾ നൽകണമെന്ന് നിരവധി കോടതി ഉത്തരവുകൾ ഉള്ളതായി കമ്മീഷൻ ചൂണ്ടികാണിച്ചു.

പരാതിക്കാരി അനുഭവിച്ച മനുഷ്യാവകാശ ലംഘനത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതമായ നടപടി നേരിടേണ്ടി വരുമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.പരാതിക്കാരിക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ 15 ദിവസത്തിനകം ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ചാലക്കുടി നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

# ഹോട്ടൽടെക് പ്രദർശനത്തിന് കൊച്ചിയിൽ തുടക്കം



**കൊച്ചി:** സംസ്ഥാനത്തെ ആതിഥേയ വ്യവസായ മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്ന പ്രമുഖ വാർഷിക പ്രദർശനമായ ഹോട്ടൽടെക് കേരളയുടെ 14ാമത് പതിപ്പിന് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ തുടക്കമായി. അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്കെ) പ്രസിഡന്റെ കെ ജെ ജോസഫ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനച്ചടങ്ങിൽ കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ) പ്രസിഡന്റ് ബിന്ദു പർവിഷ്, മേളയുടെ ഭാഗമായി നടക്കുന്ന കലിനറി മത്സരങ്ങളിലെ ജൂറിയുടെ ഭാഗമായ ഷെഫുമാർ റഷീദ്, ജോർജ് സിദ്ദിഖ്, സക്കറിയ, സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുത്തു.

ഹൊറേക്ക എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഹോട്ടൽസ്/റിസോർട്ട്സ്, റെസ്റ്റോറന്റ്സ്, കേറ്ററിംഗ് മേഖലകൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽവെയർ, ടേബ്ൾവെയർ വാണിജ്യ അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയുമായി 60ലേറെ പ്രദർശകർ ഹോട്ടൽടെകിൽ പങ്കെടുക്കുന്നുണ്ട്. തായ്, പ്രാദേശിക തീരദേശ ക്യൂസിൻ, ഡിസ്സേർട്ടുകൾ, ഇറ്റാലിയൻ വിഭവങ്ങൾ, സസ്യാധിഷ്ഠിത വിഭവങ്ങൾ, പാസ്ത, ചോക്കലേറ്റുകൾ തുടങ്ങിയവ അവതരിപ്പിക്കുന്ന നെസ്ലെ പ്രൊഫഷനലിന്റെ സ്റ്റാളാണ് മേളയുടെ പ്രധാന ആകർഷണങ്ങളിലൊന്ന്. കേരളാ ടൂറിസം, ഡിടിപിസി, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്ച്കെ), കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ഓൾ കേരളാ കേറ്ററേഴ്സ് അസോസിയേഷൻ (എകെസിഎ) എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അംഗീകാരവും പിന്തുണയും ഹോട്ടൽടെകിനുണ്ട്. മേളയ്ക്ക് സമാന്തരമായി കേരളാ കലിനറി ചലഞ്ച് (കെസിസി), ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി) എന്നീ മത്സരങ്ങളും ആദ്യരണ്ടു ദിവസങ്ങളിൽ അരങ്ങേറുന്നുണ്ട്. ഒന്നാം ദിവസമായ ഇന്നലെ നടന്ന മത്സരങ്ങളിൽ ഡിസ്സേർട് കേക്ക് ഭവ്യ സന്തോഷ്, ഗ്രാൻഡ് ഹയാത്ത്, ബ്രെഡ് ആൻഡ് പേസ്ട്രി ഡിസ്പ്ലേ രാദ്ര മാധവ് സാഹു, ഗ്രാൻഡ് ഹയാത്ത്, ഡോൺ സെബാസ്റ്റിയൻ, ക്രൗൺ പ്ലാസ; നോവൽറ്റി കേക്ക് അർജിത് ബിശ്വാസ്, ഗ്രാൻഡ് ഹയാത്ത്, ഹോട്ട് കുക്കിംഗ് ചിക്കൻ കൗഷികി, ക്രൗൺ പ്ലാസ എന്നിവർ ജേതാക്കളായി.പ്രദർശനം വെള്ളിയാഴ്ച സമാപിക്കും.

## ദേശീയ ഡെങ്കു ദിനം:

# പൊതുജനാരോഗ്യ നിയമം കർശനമാക്കി ആരോഗ്യവകുപ്പ്

**കൊച്ചി:** ദേശീയ ഡെങ്കുപ്പനി നിർവ്യാപന ദിനാചാരണത്തോടനുബന്ധിച്ചു  ഇന്നു മുതൽ ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ ശുചീകരണ,ബോധവൽക്കരണ പരിപാടികളും പ്രത്യേക പരിശോധനകളും ഊർജിതമാക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ സക്കീന അറിയിച്ചു. ഡെങ്കുപ്പനി ഭീഷണിയുടെ പശ്ചാത്തലത്തിൽ കൊതുകുജന്യരോഗങ്ങൾക്കു കാരണമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് ജില്ലയിൽ മെയ് 25ന് അകം പ്രത്യേക പരിശോധന നടത്തും. ആരോഗ്യവകുപ്പിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ വരുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥർ ഏതു സ്ഥാപനവും പരിസരവും നോട്ടീസ് കൂടാതെ പരിശോധിക്കും. വിവിധ വകുപ്പുകൾ പ്രകാരം കുറ്റകൃത്യങ്ങൾക്ക് 1000 രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴ ഈടാക്കാനായി നിയമം അനുശാസിക്കുന്നുണ്ട്. ജലസ്രോതസ്സ് മലിനമാക്കൽ,  പകർച്ചവ്യാധികൾക്കും കാരണമാകുന്ന വിധത്തിലും പൊതുജനാരോഗ്യ പ്രശ്നം ഉണ്ടാക്കുന്ന തരത്തിലും ശുചിമുറികൾ പ്രവർത്തിപ്പിക്കൽ, പൊതു സ്വകാര്യ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കൽ എന്നീ കുറ്റ കൃത്യങ്ങൾക്കു പിഴയ്ക്കു പുറമെ തടവു ശിക്ഷ കൂടി നേരിടേണ്ടി വരും. കുറ്റം ആവർത്തിക്കുന്ന സാഹചര്യത്തിൽ പരമാവധി പിഴയുടെ ഇരട്ടി തുകയും ഒടുക്കണമെന്ന് ഡി.എം.ഒ അറിയിച്ചു.എല്ലാ വർഷവും മെയ് 16 ദേശീയ ഡെങ്കുനിവാരണ ദിനമായി ആചരിച്ചുവരുന്നു. സാമൂഹിക പങ്കാളിത്തത്തോടെ ഭഡെങ്കിപ്പനിയെ നിയന്ത്രിക്കാം പ്രതിരോധം വീട്ടിൽ നിന്നും ആരംഭിക്കാം" എന്നതാണ് ഈ വർഷത്തെ സന്ദേശം. കളമശ്ശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ, ആലുവ,അങ്കമാലി, മരട് മുനിസിപ്പാലിറ്റികളും കൊച്ചിൻ കോർപറേഷനിലെ വടുതല ഈസ്റ്റ്, പച്ചാളം, തട്ടാഴം, മട്ടാഞ്ചേരി, മങ്ങാട്ടുമുക്ക് എന്നീ പ്രദേശങ്ങളിലും,ചൂർണ്ണിക്കര, ഇടത്തല കടുങ്ങല്ലൂർ, കീഴ്മാട്, വെങ്ങോല, അയ്യമ്പുഴ  പഞ്ചായത്തുകളിലുമാണ് ഈ വർഷം ഏറ്റവും കൂടുതൽ ഡെങ്കി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ വഴി പകരുന്ന വൈറസ്



രോഗമാണ് ഡെങ്കുപ്പനി. പനിയോടൊപ്പം തലവേദന, കണ്ണിനു പുറകിലെ വേദന, പേശിവേദന, സന്ധിവേദന എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. കൂടാതെ ശരീരത്തിൽ ചുവന്നു തടിച്ച പാടുകളും ഉണ്ടാകാം. തുടർച്ചയായ ഛർദ്ദി, വയറുവേദന, ശരീരഭാഗങ്ങളിൽ നിന്നും രക്തസ്രാവം, കറുത്തമലം, പെട്ടെന്നുണ്ടാകുന്ന ശ്വാസംമുട്ട്, ശരീരം ചുവന്ന് തടിക്കൽ, ശരീരം തണുത്ത് മരവിക്കുക ,ശരീര തളർച്ച, രക്തസമ്മർദ്ദം വല്ലാതെ താഴുക, കുട്ടികളിൽ തുടർച്ചയായ കരച്ചിൽ തുടങ്ങിയവ ഡെങ്കുപ്പനിയുടെ അപായസൂചനകളാണ്.  പനി പല രോഗങ്ങളുടെയും ലക്ഷണമായതിനാൽ സ്വയം ചികിത്സ ഒഴിവാക്കേണ്ടതാണ്. മേൽ പറഞ്ഞ പല ലക്ഷണങ്ങളും പല രോഗങ്ങളുടെയും കൂടി ലക്ഷണമായതിനാൽ പ്രത്യേകം ശ്രദ്ധിക്കുക.പനി മാറിയാലും മൂന്നു നാലു ദിവസം കൂടി സമ്പൂർണ്ണ വിശ്രമം തുടരുക, ഉപ്പിട്ട കഞ്ഞി വെള്ളം, കരിക്കിൻ വെള്ളം തുടങ്ങി ധാരാളം പാനീയങ്ങൾ കുടിക്കുന്നതും നല്ലതാണ്. ഡെങ്കുപ്പനി ബാധിതർ പകൽ സമയം വിശ്രമിക്കുന്നതും ഉറങ്ങുന്നതും പൂർണമായും കൊതുക് വലയ്ക്കുള്ളിൽ ആയിരിക്കണം. ഒരു തവണ ഡെങ്കുപ്പനി ബാധിച്ചവർക്ക് വീണ്ടും രോഗബാധയുണ്ടായാൽ മാരകമാകുന്നതിനുള്ള സാധ്യത കൂടുതലായതിനാൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഫാർമസിസ്റ്റ്; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡിന്റെ ജില്ലയിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ വെയർഹൗസിലേക്കും നീതി മെഡിക്കൽ സ്റ്റോറുകളിലേക്കും ഫാർമസിസ്റ്റുകളെ ആവശ്യമുണ്ട്. ഡി ഫാം, ബി ഫാം ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വാക്ഇൻഇന്റർവ്യൂവിന്റെ തീയതി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്.  അപേക്ഷ റീജിയണൽ മാനേജർ, കൺസ്യൂമർഫെഡ്, ഗാന്ധിനഗർ, കൊച്ചി 682 020  വിലാസത്തിൽ  ലഭിക്കണം. ഫോൺ 04842203507, 2203652.

## വനിതാ കമ്മീഷൻ മെഗാ അദാലത്ത് 18 ന്

**കൊച്ചി:** സംസ്ഥാന വനിതാ കമ്മീഷൻ മേയ് 18 ന്  എറണാകുളം ജില്ല പഞ്ചായത്ത് ഹാളിൽ രാവിലെ 10 മുതൽ മെഗാ അദാലത്ത് നടത്തും.



## ദിവസവേതനാടിസ്ഥാനത്തിൽ നിയമനം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം  ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, എറണാകുളം ഡിവിഷൻ മുനമ്പം ഓഫീസിന് കീഴിൽ, ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നേടുന്നതിനായി കുറഞ്ഞത് ഐ.ടി.ഐ സിവിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി പാസ് പോർട്ട് സൈസ് ഫോട്ടോ ഒട്ടിച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്റ്റർ നമ്പർ, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം മേയ് 22ന് രാവിലെ 11 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, എറണാകുളം ഡിവിഷൻ, മുനമ്പം മുമ്പാകെ കൂടിക്കാഴ്ചക്ക് ഹാജരാകണം.

## കെ.ജി.ടി.ഇ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴസുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി ആപ്റ്റ്)  സംയുക്തമായി ആരംഭിക്കുന്ന കേരള ഗവ. അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ. പ്രീപ്രസ്സ് ഓപ്പറേഷൻ, പ്രസ്സ് വർക്ക്, പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനീഷിംഗ് 2024 2025 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം. നൂതന സാങ്കേതിക അച്ചടി രംഗത്ത് തൊഴിൽ സാധ്യത ഏറെയുള്ള കോഴ്സാണ്. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന കോഴ്സിൽ പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകുല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. അപേക്ഷോ ഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപയ്ക്ക് നേരിട്ടും, 135 രൂപയുടെ മണി ഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ.എൽ.പി സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ, ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും.വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (04842605322, 9605022555) എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മേയ് 24.

## കുസാറ്റിൽ പ്രോജക്ക് അസ്സോസിയേറ്റ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് വകുപ്പിൽ ഡിപ്പാർട്ട്മെൻറ് ഓഫ് സയൻറിഫിക്ക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (ഡി.എസ്.ഐ.ആർ) ഫണ്ടഡ് പ്രോജക്ടിൽ അസോസിയേറ്റിൻറെ താത്കാലിക ഒഴിവ്. സയൻസ്/ സോഷ്യൽ സയൻസ് വിഭാഗത്തിൽ ബിരുദാനന്ദര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം Rs.25,000+HRA ആണ് ശമ്പളം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് വിശദമായ ബയോഡാറ്റയും, സമാന മേഖലയിലെ പ്രവർത്തിപരിചയം സഹിതം sifcusatprojects@gmail.com എന്ന വിലാസത്തിൽ മേയ് 19 ന് മുൻപ് അയക്കണം. കൂടുതൽ വിവരങ്ങൾക്ക്, hareeshramanathan@cusat.ac.in (ഡോ.ഹരീഷ്.എൻ.രാമനാഥൻപ്രോജക്ട് ഇൻവെസ്റ്റിഗേറ്റർ) എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## പ്രൊപ്പലിന്റെ നാലാം സീസണിനു തുടക്കം കുറിക്കുന്നു

**കൊച്ചി:**  ഉപഭോക്തൃ ഉൽപന്ന മേഖലയിലെ സ്റ്റാർട്ട് അപ്പുകളെ ആഗോള ബിസിനസ് മേഖലയിൽ വളർത്താനുള്ള നീക്കമായ പ്രൊപ്പലിൻറെ നാലാം സീസണിനു തുടക്കം കുറിക്കുന്നതായി ആമസോൺ ഇന്ത്യ പ്രഖ്യാപിച്ചു  വളർന്നു വരുന്ന ഇന്ത്യൻ ബ്രാൻഡുകൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ഇകോമേഴ്സ് വിദഗ്ദ്ധരുടെ സഹായത്തോടെ ലോകത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ വഴിയൊരുക്കുന്ന പദ്ധതിയാണിത്. 50 സ്റ്റാർട്ട് അപ്പുകൾക്കു വരെ ആഗോള വിപണിയിലെത്താനും ഇന്ത്യയിൽ നിന്ന് ആഗോള ബ്രാൻഡുകൾ സൃഷ്ടിക്കാനും പ്രൊപ്പൽ എസ് 4 പിന്തുണ നൽകും. എഡബ്ല്യുഎസ് ആക്ടിവേറ്റ് വായ്പകൾ, ആറു മാസത്തെ സൗജന്യ ലോജിസ്റ്റിക്, അക്കൗണ്ട് മാനേജുമെൻറ് പിന്തുണ, ആദ്യ മൂന്നു വിജയികൾക്കായുള്ള ആമസോണിൻറെ 100,000 ഡോളർ സംയുക്ത ഗ്രാൻറ് തുടങ്ങിയവ അടക്കം 1.5 ദശലക്ഷം ഡോളറിൻറെ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്.

## കാർസ്24 വിതരണം ചെയ്തത് 102 കോടിയുടെ വായ്പ

**കൊച്ചി:** കാർസ്24 തങ്ങളുടെ സാമ്പത്തിക സേവന വിഭാഗമായ കാർസ്24 ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് വഴി (സിഎഫ്എസ്പിഎൽ) കേരളത്തിൽ വൻ നേട്ടം കൈവരിച്ചതായി കമ്പനി അധികൃതർ വ്യക്തമാക്കി. വായ്പാ വിതരണത്തിൽ 160 ശതമാനം വാർഷികാടിസ്ഥാനത്തിലുള്ള വളർച്ചയാണ് സിഎഫ്എസ്പിഎൽ നേടിയത്. സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതു മുതൽ 102 കോടി രൂപയുടെ വായ്പകളാണ് ഇതുവരെ വിതരണം ചെയ്തതെന്ന് അധികൃതർ വ്യക്തമാക്കി. സീറോ ഡൗൺ പെയ്മെൻറ്, വ്യക്തിഗതമായ വ്യവസ്ഥകൾ, ശരാശരി 11,600 രൂപയുടെ ഇഎംഐ, 72 മാസം വരെയുള്ള വായ്പാ കാലാവധി, ശരാശരി 15 ശതമാനം പലിശ തുടങ്ങിയ ആകർഷകമായ വ്യവസ്ഥകളും ഇതിലുൾപ്പെടുന്നു. കാർസ്24 വഴി കാർ വാങ്ങിയ കേരളത്തിലെ 71 ശതമാനം പേരും വായ്പകൾ പ്രയോജനപ്പെടുത്തുകയുണ്ടായി എന്നത് ശ്രദ്ധേയമാണ്.  ദേശീയ തലത്തിൽ കാർ വാങ്ങിയവരിൽ 64 ശതമാനം പേരാണ് വായ്പകൾ തെരഞ്ഞെടുത്തത്.  ഇതിൽ 20 ശതമാനം വനിതകൾക്കാണു നൽകിയത്. ഇതിനു പുറമെ ഇന്ത്യയിൽ എല്ലായിടത്തുമായി പ്രതിദിനം 411 വായ്പാ അപേക്ഷകളാണ് കൈകാര്യം ചെയ്യുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഇനി ആർക്കും പച്ചമലയാളം പഠിക്കാം ;കോഴ്സുമായി എസ്.സി.ഇ.ആർ.ടി

**കൊച്ചി:** കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കുന്ന പച്ചമലയാളം അടിസ്ഥാന സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ മേയ് 31 വരെ ദീർഘിപ്പിച്ചു.പച്ചമലയാളം അടിസ്ഥാന കോഴ്സ്, പച്ചമലയാളം അഡ്വാൻസ് കോഴ്സ് എന്നിങ്ങനെ ഒരു വർഷം ദൈർഘ്യമുള്ള രണ്ട് ഭാഗങ്ങളായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലാണ് കോഴ്സ് പരിഷ്കരിച്ചത്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവരുമായ 17 വയസ് കഴിഞ്ഞ ആർക്കും മലയാളം പഠിക്കാൻ കഴിയുന്ന ഒരു വർഷം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ആണ് പച്ചമലയാളം. ആറുമാസം വീതമുള്ള ഒന്നാം ഭാഗം അടിസ്ഥാന കോഴ്സ്, രണ്ടാം ഭാഗം അഡ്വാൻസ് കോഴ്സ് എന്നിങ്ങനെയാണ് പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്.ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് പരിഷ്കരിച്ച പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാകോഴ്സാണ്. സർക്കാർ ജീവനക്കാർക്ക് പത്താം ക്ലാസ് മലയാളപഠനം നിർബന്ധമാണ് എന്ന വസ്തുത കണക്കിലെടുത്താണ് ഈ കോഴ്സിന്റെ പരിഷ്കരണം. 60 മണിക്കൂർ മുഖാമുഖവും 30 മണിക്കൂർ ഓൺലൈനുമായാണ് പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ ക്ലാസുകൾ. അടിസ്ഥാനകോഴ്സിൽ വിജയിക്കുന്നവർക്ക് അഡ്വാൻസ് കോഴ്സിൽ ചേർന്ന് പഠിക്കാം. ആറ് മാസമാണ് അടിസ്ഥാന കോഴസിന്റെ കാലാവധി. രജിസ്ട്രേഷൻ ഫീസ് 500 രൂപയും കോഴ്സ് ഫീസ് 3500 രൂപയുമാണ്. (ഫീസ് സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ എസ് ബി ഐ ശാസ്തമംഗലം ബ്രാഞ്ചിലുള്ള 38444973213 എന്ന അക്കൗണ്ടിൽ അടക്കാവുന്നതാണ് കഎടഇ ഇഛഉഋ :ടആകച0070023) ഓൺലൈനായി അപേക്ഷിച്ചതിന് ശേഷം ഹാർഡ് കോപ്പി രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് തുടങ്ങിയവ ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ മേയ് 31 നകം ലഭ്യമാക്കണം.വിശദവിവരങ്ങൾക്ക് കാക്കനാട് സിവിൽ സ്റ്റേഷൻ നാലാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04842426596,9496877913. അപേക്ഷാഫോറം സാക്ഷരതാ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

### അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്:

## സാധ്യമായ എല്ലാ വിദഗ്ധ ചികിത്സയും നൽകും

**കൊച്ചി:** അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടിയ്ക്ക് സാധ്യമായ എല്ലാ വിദഗ്ധ ചികിത്സയും നൽകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ രോഗത്തിന് ഫലപ്രദമായ മരുന്നുകളില്ല. നേഗ്ലേറിയയ്ക്കെതിരെ ഫലപ്രദമെന്ന് കരുതുന്ന ഒരു കൂട്ടം മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് ചികിത്സിക്കുന്നത്. മറ്റ് വിദേശ രാജ്യങ്ങളിലുൾപ്പെടെ മരുന്ന് കിട്ടാനുള്ള സാധ്യതയും തേടുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശത്ത് ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. ആർക്കെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ വിദഗ്ധ ചികിത്സ ഉറപ്പാക്കാനും ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രദേശത്ത് ബോധവത്കരണം ഉൾപ്പടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതായും മന്ത്രി പറഞ്ഞു.മലപ്പുറം മൂന്നിയൂർ പഞ്ചായത്തിലെ 5 വയസുകാരനാണ് രോഗം സ്ഥിരീകരിച്ചത്. ഈ മാസം ഒന്നാം തീയതി കുട്ടി ബന്ധുക്കളോടോപ്പം വീടിന് സമീപത്തെ പുഴയിൽ കുളിച്ചിരുന്നു. പത്താം തീയതി പനിയും തലവേദനയും ഛർദിയും ഉണ്ടായതിനെ തുടർന്ന് വീടിനടുത്തുള്ള ശിശു രോഗ വിദഗ്ധനെ കാണിച്ചു. പന്ത്രണ്ടാം തീയതി രണ്ടു തവണ ഛർദി, തലചുറ്റൽ എന്നിവ ഉണ്ടായതിനാൽ ചേളാരിയിലെ സ്വകാര്യ ആസ്പത്രിയിലും തുടർന്ന് കോഴിക്കോട് സ്വകാര്യ ആസ്പത്രിയിലും കാണിച്ചു. അന്നേദിവസം തന്നെ രോഗിയെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ നൽകി വരുന്നു. കുട്ടിയോടൊപ്പം പുഴയിൽ കുളിച്ച ബന്ധുക്കളായ ആൾക്കാർ നിരീക്ഷണത്തിലാണ്.പതിനായിരത്തിൽ ഒരാൾക്ക് ബാധിക്കുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. അതിനാൽ തന്നെ ആശങ്ക വേണ്ട. നേഗ്ലേറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. ഈ രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യ ശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്കജ്വരം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. ജലത്തിൽ സ്വതന്ത്രമായി ജീവിക്കുന്ന അമീബ ഒഴുക്കില്ലാത്ത ജലാശയങ്ങളിലാണ് പൊതുവേ കാണുന്നത്. നീർച്ചാലിലോ കുളത്തിലോ കുളിക്കുന്നത് വഴി അമീബ വിഭാഗത്തിൽപ്പെട്ട രോഗാണുക്കൾ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യന്റെ ശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുകയും എൻസെഫലൈറ്റിസ് ഉണ്ടാക്കാനിടയാക്കുകയും ചെയ്യുന്നു.

# വൺപ്രിൻസസ് സ്ട്രീറ്റ് ജൂൺ14ന്




ബാലു വർഗീസ്, ആൻ ശീതൾ, അർച്ചന കവി, ലിയോണ ലിഷോയ്,എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിസിമയോൺ സംവിധാനം ചെയ്യുന്ന വൺ പ്രിൻസസ് സ്ട്രീറ്റ് ജൂൺ പതിനാലിന് പ്രദർശനത്തിനെത്തുന്നു.

ഷമ്മി തിലകൻ, ഹരിശ്രീ അശോകൻ, ഭഗത് മാനുവൽ,സിനിൽ സൈനുദ്ദീൻ,കലാഭവൻ ഹനീഫ്,റെജു ശിവദാസ്,കണ്ണൻ, റോഷൻ ചന്ദ്ര,വനിത കൃഷ്ണചന്ദ്രൻ,ജോളി ചിറയത്ത് എന്നിവരാണ് മറ്റു താരങ്ങൾ.

മാക്രോ മോഷൻ പിക്ചേഴ്സിന്റെ ബാനറിൽ ലജു മാത്യു ജോയ് നിർമ്മിക്കുന്നഈ ചിത്രത്തിന്റെ ഛായാഗ്രഹണം അർജ്ജുൻ അക്കോട്ട് നിർവ്വഹിക്കുന്നു.കോ പ്രൊഡ്യൂസർ യുബിഎ ഫിലിംസ്, റെയ്ൻ എൻ ഷൈൻ എന്റർടെയ്ൻമെന്റ്സ്.

സിമയോൺ, പ്രവീൺ ഭാരതി, ടുട്ടു ടോണി ലോറൻസ്, എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.മനു മഞ്ജിത്ത്, വിനായക് ശശികുമാർ എന്നിവരുടെ വരികൾക്ക് പ്രിൻസ് ജോർജ്ജ് സംഗീതം പകരുന്നു.

എഡിറ്റർആയൂബ്ബ് ഖാൻ.പ്രൊഡക്ഷൻ കൺട്രോളർസന്തോഷ് ചെറുപൊയ്ക, കലവേലു വാഴയൂർ,വസ്ത്രാലങ്കാരംറോസ് റെജീസ്, മേക്കപ്പ് ജിത്തു പയ്യന്നൂർ,സ്റ്റിൽസ്ഷിജിൻ പി രാജ്, പരസ്യകലയെല്ലോ ടൂത്ത്സ്,സ്റ്റണ്ട് മാഫിയ ശശി,നൃത്തംഅനഘ മറിയ,ഋഷി,നീരജ് സുകുമാരൻ, വിഎഫ്എക്സ്ജിഷ്ണു രഘു പിഷാരടി,ചീഫ് അസോസിയേറ്റ് ഡയറക്ടർകെ എസ് ഷൈൻ, അസോസിയേറ്റ് ഡയറക്ടർ റിനീഷ് പവിത്രൻ, അസിസ്റ്റന്റ് ഡയറക്ടർയതീന്ദ്രൻ, ഫെമിന നെൽസൺ, ആനന്ദ് സജീവ്, അഭിജിത്ത് സൂര്യ, വിശാഖ് നാഥ്, ഫിനാൻസ് കൺട്രോളർ ആന്റണി ജോയ്,ചീഫ് അസോസിയേറ്റ് ക്യാമറമാൻമൈക്കിൾ ജോസഫ്. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സഫി ആയൂർ, പ്രൊഡക്ഷൻ മാനേജർബിനു തോമസ്,പി ആർ ഒഎ എസ് ദിനേശ്.

# കാൻ ഫിലിം ഫെസ്റ്റിവലിൽ
## ഓൾ വീ ഇമാജിൻ ആസ് ലൈറ്റ്

മുപ്പതു വർഷങ്ങൾക്കു ശേഷം കാൻ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ പാമിന് (പാം ദോർ) മത്സരിക്കുന്ന ഇന്ത്യൻ ചിത്രം ഓൾ വീ ഇമാജിൻ ആസ് ലൈറ്റിന്റെ ട്രയ്‌ലർ പ്രേക്ഷകരുടെ ശ്രദ്ധ നേടുന്നു.

1994 ൽ ഷാജി എൻ കരുൺ സംവിധാനം ചെയ്ത സ്വം ആണ് ഇതിനു മുന്നേ ഇന്ത്യയിൽ നിന്ന് കാൻ ഫെസ്റ്റിവൽ മത്സര വിഭാഗത്തിൽ യോഗ്യത നേടിയ ചിത്രം. പായൽ കപാഡിയ ആണ് ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്. മലയാള സിനിമക്കും അഭിമാനിക്കാൻ സാധിക്കുന്ന നിമിഷം കൂടിയാണ് ഈ സെലക്ഷൻ.

വിവിധ ഫിലിം അവാർഡുകളിൽ മികച്ച നടിക്കുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുള്ള കനി കുസൃതി, ദിവ്യ പ്രഭ എന്നിവരോടൊപ്പം തിരുവനന്തപുരം സ്വദേശിയായ യുവ താരം ഹ്രിദ്ദു ഹാറൂണും ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ഇന്ത്യയുടെ ചോക്ക് ആൻഡ് ചീസ് ഫിലിംസും ഫ്രഞ്ച് ബാനർ പെറ്റിറ്റ് ചാവോസും തമ്മിലുള്ള സഹനിർമ്മാണത്തിലാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. രണ്ട് കുടിയേറ്റ മലയാളി നഴ്സുമാർ തങ്ങളുടെ ജീവിതത്തെ ഒരു കൂട്ടായ ബോധത്തിന്റെ ചങ്ങലകൾക്കപ്പുറത്തേക്ക് നയിക്കുമ്പോൾ ആ രാജ്യത്തിൽ അവരുടെ ജീവിതം കണ്ടെത്തുന്ന കഥാഗതിയിലൂടെയാണ് ചിത്രം സഞ്ചരിക്കുന്നത്.പി ആർ ഓ പ്രതീഷ് ശേഖർ.

# ഒരു കട്ടിൽ ഒരു മുറി ജൂൺ 14ന്

ഹക്കിം ഷാ, പ്രിയംവദ കൃഷ്ണൻ, പൂർണിമ ഇന്ദ്രജിത്ത് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി കിസ്മത്ത് തൊട്ടപ്പൻ എന്നീ സിനിമകൾക്ക് ശേഷം ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന ഒരു കട്ടിൽ ഒരു മുറി ജൂൺ പതിനാലിന് പ്രദർശനത്തിനെത്തുന്നു.ഷമ്മി തിലകൻ, വിജയരാഘവൻ , ജാഫർ ഇടുക്കി, രഘുനാഥ് പലേരി , ജനാർദ്ദനൻ, ഗണപതി, സ്വാതിദാസ് പ്രഭു,പ്രശാന്ത് മുരളി , മനോഹരി ജോയ്, തുഷാര പിള്ള, വിജയകുമാർ പ്രഭാകരൻ, ഹരിശങ്കർ, രാജീവ് വി തോമസ്, ജിബിൻ ഗോപിനാഥ്, ഉണ്ണിരാജ, ദേവരാജൻ കോഴിക്കോട് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.സപ്ത തരംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,വിക്രമാദിത്യൻ ഫിലിംസ് എന്നീ ബാനറുകളിൽ

സപ്ത തരംഗ് ക്രിയേഷൻസ് സമീർ ചെമ്പയിൽ,രഘുനാഥ് പലേരി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം





എൽദോ ജോർജ്ജ്നിർവഹിക്കുന്നു.രഘുനാഥ് പലേരി തിരക്കഥ സംഭാഷണമെഴുതുന്നു.

രഘുനാഥ് പലേരി, അൻവർ അലി എന്നിവർ എഴുതിയ വരികൾക്ക് അങ്കിത് മേനോൻ,വർക്കി എന്നിവർ സംഗീതം പകരുന്നു. രവി ജി,നാരായണി ഗോപൻ എന്നിവരാണ് ഗായകർ.പശ്ചാത്തല സംഗീതംവർക്കി.എഡിറ്റിങ്മനോജ് സി എസ്,

പ്രൊഡക്ഷൻ കൺട്രോളർഏൽദോ സെൽവരാജ്,കലാസംവിധാനം അരുൺ ജോസ്, മേക്കപ്പ്അമൽ കുമാർ,കോസ്റ്റ്യൂം ഡിസൈൻനിസ്സാർ റഹ്മത്ത്,സൗണ്ട് ഡിസൈൻ രംഗനാഥ് രവി, മിക്സിങ്വിപിൻ. വി. നായർ,കാസ്റ്റിംഗ് ഡയറക്ടർബിനോയ് നമ്പാല,സ്റ്റിൽസ്ഷാജി നാഥൻ,സ്റ്റണ്ട്കെവിൻ കുമാർ,പോസ്റ്റ് പ്രൊഡക്ഷൻ കോർഡിനേറ്റർഅരുൺ ഉടുമ്പൻചോല, അഞ്ജു പീറ്റർ,ഡിഐ ലിജു പ്രഭാകർ,വിഷൽ എഫക്ട്റിഡ്ജ് വിഎഫ്എക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി സി, എ.കെ രജിലേഷ്,ഡിസൈൻസ് തോട്ട് സ്റ്റേഷൻ,പി ആർ ഒ എ എസ് ദിനേശ്.

# മീശ

തമിഴ് താരം കതിർ, ഷൈൻ ടോം ചാക്കോ, ഹക്കീം ഷാ, ശ്രീകാന്ത് മുരളി, ആന്റണി തുടങ്ങിയവരെ പ്രധാന കഥാപാത്രങ്ങളാക്കി 'വികൃതി' എന്ന ചിത്രത്തിനു ശേഷം എംസി ജോസഫ് സംവിധാനം ചെയ്യുന്ന ചിത്രമാണ് മീശ.എ എച്ച് സി പ്രൊഡക്ഷൻസിന്റെ ബാനറിൽ സജീർ ഗഫൂർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സുരേഷ് രാജൻ നിർവ്വഹിക്കുന്നു.സംഗീതം സൂരജ് എസ് കുറുപ്പ്,എഡിറ്റിംഗ്മനോജ്,പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി. മേനോൻ,കലാസംവിധാനം മഹേഷ്,കോസ്റ്റ്യൂംസ്സമീറ സനീഷ്,പി ആർ ഒഎ എസ് ദിനേശ്.




# തഗ് ലൈഫ് : കമൽഹാസനൊപ്പം ചിമ്പുവും

മണിരത്നം കമൽ ഹാസൻ ചിത്രം തഗ് ലൈഫിൽ തെന്നിന്ത്യൻ സൂപ്പർ താരം സിലമ്പരശൻ പ്രധാന റോളിൽ എത്തുന്നു. ഇതിന്റെ ക്യാരക്ടർ ടീസറും പോസ്റ്ററം അണിയറപ്രവർത്തകർ റിലീസ് ചെയ്തു.മുപ്പത്തിയാറു വർഷത്തെ ഇടവേളയ്ക്ക് ശേഷം കമൽഹാസനെ നായകനാക്കി മണിരത്നം സംവിധാനം ചെയ്യുന്ന ചിത്രമാണ് തഗ് ലൈഫ്. രാജ്കമൽ ഫിലിംസ് ഇന്റർനാഷണൽ, മദ്രാസ് ടാക്കീസ്, റെഡ് ജയന്റ് മൂവീസ്, ആർ.മഹേന്ദ്രൻ, ശിവ അനന്ത് എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം. ജോജു ജോർജ്, തൃഷ, ഐശ്വര്യാ ലക്ഷ്മി, അഭിരാമി തുടങ്ങി വമ്പൻ താര നിരയാണ് ചിത്രത്തിലുള്ളത്. മണിരത്നത്തിനൊപ്പം പതിവ് സഹപ്രവർത്തകരായ സംഗീതസംവിധായകൻ എ.ആർ റഹ്മാനും എഡിറ്റർ ശ്രീകർ പ്രസാദും ഈ ചിത്രത്തിലും ഒരുമിക്കുന്നുണ്ട്. നേരത്തെ മണിരത്നത്തിന്റെ കന്നത്തിൽ മുത്തമിട്ടാൽ, ആയുധ എഴുത്ത് എന്നീ ചിത്രങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ഛായാഗ്രാഹകൻ രവി കെ ചന്ദ്രനാണ് പുതിയ ചിത്രത്തിന്റെ ക്യാമറ കൈകാര്യം ചെയ്യുന്നത്. വിക്രമിന് വേണ്ടി കമലുമായി സഹകരിച്ച അൻപറിവ് മാസ്റ്റേഴ്സിനെയാണ് ആക്ഷൻ കൊറിയോഗ്രാഫർമാരായി തിരഞ്ഞെടുത്തിരിക്കുന്നത്. പ്രൊഡക്ഷൻ ഡിസൈനറായി ശർമ്മിഷ്ഠ റോയ്യും കോസ്റ്റ്യൂം ഡിസൈനറായി ഏകാ ലഖാനിയുമാണ് ചിത്രത്തിൽ പ്രവർത്തിക്കുന്നത്. പി.ആർ.ഒ പ്രതീഷ് ശേഖർ.

# ഡി.ജെ.എസ്.ഐ സ്കോറിൽ മികച്ച റാങ്കോടെ ക്രോംപ്ടൺ

**കൊച്ചി:** മികച്ച പാരിസ്ഥിതിക, സാമൂഹിക, ഭരണനിർവഹണ (ഇ എസ് ജി) പ്രകടനത്തിന് ഡൗ ജോൺസ് സുസ്ഥിരതാ സൂചികയിൽ (ഡിജെഎസ്ഐ) ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിനു മികച്ച റാങ്ക്. ആഗോളതലത്തിൽ ക്രോംപ്ടൺ 94ാം ശതമാനത്തിൽ സ്ഥാനം പിടിക്കുകയും ഡിഎച്ച്പി ഹൌസ്ഹോൾഡ് ഡ്യൂറബിൾസ് മേഖലയിലെ സമാന കമ്പനികളിൽ ഏഴാം സ്ഥാനം നേടുകയും ചെയ്തു. പാരിസ്ഥിതിക സുസ്ഥിരത, ഉൽപ്പന്ന മേൽനോട്ടം, സ്വാധീനം ചെലുത്തുന്ന സാമൂഹിക ഉത്തരവാദിത്ത സംരംഭങ്ങൾ, വൈവിധ്യം, ജീവനക്കാരുടെ ക്ഷേമം, മനുഷ്യ മൂലധന വികസനം, മികച്ച ഭരണം എന്നിവ ഉൾപ്പെടുന്ന നിർണായക മേഖലകളിൽ ക്രോംപ ്ടണിന്റെ ഡി. ജെ. എസ്. ഐ സ്കോർ ഈ വർഷത്തെ റേറ്റിംഗുകളിൽ വലിയ പുരോഗതി രേഖപ്പെടുത്തി.ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് കമ്പനികളുടെ സുസ്ഥിരതാ പ്രകടനം വിലയിരുത്തുന്നതിനുള്ള മാനദണ്ഡമായി നിലകൊള്ളുകയാണ് 1999 ൽ സ്ഥാപിതമായ ഡൗ ജോൺസ് സുസ്ഥിരതാ സൂചിക (ഡി. ജെ. എസ്. ഐ) . ദീർഘകാല സുസ്ഥിരതയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സാമ്പത്തിക, പാരിസ്ഥിതിക, സാമൂഹിക മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി കർശനമായ മൂല്യനിർണ്ണയ പ്രക്രിയയിലൂടെ കമ്പനികളെ ഡി. ജെ. എസ്. ഐ വിലയിരുത്തുന്നു. ക്രോംപ്ടണിൽ ഏറ്റവും അടിസ്ഥാനപരമായ ഒന്നാണ് സുസ്ഥിരത അതുകൊണ്ടാണ് ഊർജക്ഷമതയോടെ ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുന്നതെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ പ്രോമീത് ഘോഷ് പറഞ്ഞു.





രാജു കണ്ണമ്പുഴ, ജിൻസി തോമസ്

# ഇമാക്: രാജു കണ്ണമ്പുഴ പ്രസിഡന്റ്, ജിൻസി തോമസ് ജനറൽ സെക്രട്ടറി

**കൊച്ചി:** ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക് ) 2024 2026 കാലയളവിലേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു.

ആലപ്പുഴയിൽ നടന്ന വാർഷിക ജനറൽ ബോഡി മീറ്റിങ്ങിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.പ്രസിഡന്റ് രാജു കണ്ണമ്പുഴ, ജനറൽ സെക്രട്ടറി ജിൻസി തോമസ് ട്രഷറർ ബഹനൻ കെ അരീക്കൽ , വൈസ് പ്രസിഡന്റ് ജുബിൻ ജെ ജോൺ, ജോയിന്റ് സെക്രട്ടറി മുഹമ്മദ് സാദിഖ് എന്നിവരാണ് 2024 2026 വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ.

കേരളത്തിലെ വിവിധ ഇവന്റ് മാനേജ്മെന്റ് ഏജൻസികളെ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും അതുവഴി ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെ ഏക പ്രതിനിധി സംഘടനയായി മാറുകയും ചെയ്യുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് 2009 ജൂലൈ 01 ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള 'ഇമാക് 'രൂപീകരിച്ചത്.

# വിദ്യാർത്ഥികൾക്കായി ശിൽപശാല നടത്തി

**കൊച്ചി:** സെൻട്രൽ ഗവൺമെന്റ് ഓഫീസേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി അവധിക്കാല ശിൽപശാല സംഘടിപ്പിച്ചു. മെയ് 6 മുതൽ 14 വരെ എറണാകുളം പനമ്പിള്ളി നഗറിലെ സി.ജി.ഒ.എ ഹാളിൽ നടന്ന പരിപാടിയിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും ഹൈസ്കൂൾ വിഭാഗത്തിലെ 24 വിദ്യാർത്ഥികൾ പങ്കെ ടുത്തു.

ഓരോ ദിവസവും നാലു സെഷനുകളിലായി നടന്ന ക്ലാസിൽ ഷിപ്പ് ടെക്നോളജി, ഓഷ്യാനോഗ്രഫി, ഫോട്ടോണിക്സ്, വേദിക് മാത്തമാറ്റിക്സ്, ഗണിതം, സ്പെയ്സ് സയൻസ്, ഫുഡ് ടെക് നോളജി, ഫിഷറീസ്, പരിസ്ഥിതി ശാസ്ത്രം, ഇൻഫോർമേഷൻ ടെക് നോളജി, ഇൻകംടാക്സ് & ജി.എസ്.ടി. തുടങ്ങിയ വിഷയങ്ങളിൽ കൊച്ചി സർവ്വകലാശാല, എൻ.പി.ഒ.എൽ, സി.എം.എഫ്.ആർ.ഐ, സി.ഐ.എഫ്.ടി, ഇൻകംടാക്സ് എന്നീ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധർ ക്ലാസുകൾ നയിച്ചു.സമാപന ചടങ്ങിൽ മുഖ്യാതിഥി ആയിരുന്ന സ്പൈസസ് ബോർഡ് മുൻ ജോയിന്റ് ഡയറക്ടർ (മാർക്കറ്റിങ്ങ്) ഒ.ടി.എസ്. നമ്പ്യാർ വിദ്യാർത്ഥികൾക്കുള്ള സമ്മാന ങ്ങൾ വിതരണം ചെയ്തു. സി.ജി.ഒ.എ. പ്രസിഡന്റ് എസ്. അനന്തനാരായണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി കെ.എസ്. ശശികുമാർ, ശിൽപശാല കോർഡിനേറ്റർ ഡോ. എ.ആർ. എസ്. മേനോൻ, കെ. രവിനാഥ് എന്നിവർ സംസാരിച്ചു.

# വിദ്യാർത്ഥികൾക്ക് പ്ലേസ്മെൻറ് നൽകി ഐഐടി മദ്രാസ്

**കൊച്ചി:** ഏപ്രിൽ വരെയുള്ള കണക്കുപ്രകാരം ഈ വർഷം ബിടെക്/ഇരട്ടബിരുദ വിദ്യാർത്ഥികളിൽ 80% ൽ അധികം പേർക്ക് ഐഐടി മദ്രാസ് പ്ലേസ്മെന്റ് നൽകി. മാസ്റ്റർ ബിരുദ വിദ്യാർത്ഥികളിൽ 75% ൽ അധികം പേർക്കും പ്ലേസ്മെന്റ് നൽകി. 202324 കാലയളവിലെ രണ്ട് ഘട്ടങ്ങളിലെ കാംപസ് പ്ലേസ്മെന്റുകളിൽ 256 കമ്പനികളിൽ 1091 വിദ്യാർത്ഥികൾ പ്ലേസ്മെന്റ് നേടി. അതിനു പുറമേ, 300 പ്രിപ്ലേസ്മെന്റ് ഓഫറുകളിൽ 235 എണ്ണം സ്വീകരിക്കപ്പെടുകയും ചെയ്തു.

ജപ്പാൻ, യൂറോപ്പ് കൂടാതെ മറ്റു രാജ്യങ്ങളിൽ നിന്നുള്ള കമ്പനികൾ മുന്നോട്ടുവച്ചത് 44 അന്താരാഷ്ട്ര ഓഫറുകളാണ്. പുറമേ, കാംപസ് പ്ലേസ്മെന്റിലുമായി 85 സ്റ്റാർട്ടപ്പുകൾ 183 ഓഫറുകളാണ് നൽകിയത്. പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികളിൽ 43% മുൻനിര മേഖലയിലാണ്, 20% പേർ സോഫ്റ്റെയർ രംഗത്തും 10%ൽ താഴെ വരുന്നവർ അനലിറ്റിക്സ്/ഫൈനാൻസ്/കൺസൽട്ടിംഗ്/ഡേറ്റാ സയൻസ് എന്നിവയിലുമാണ്. ഈ വർഷത്തെ ശരാശരി ശമ്പളം 22 ലക്ഷം ആണ്. അടുത്ത വർഷം 100 ടെക് സ്റ്റാർട്ടപ്പുകൾ എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യചുവടാണിതെന്ന് പ്ലേസ്മെന്റുകളെപ്പറ്റി ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി. കാമകോടി പറഞ്ഞു.

# ശ്രീശങ്കര നൃത്ത സംഗീതോൽസവം

**കൊച്ചി:** ശ്രീശങ്കര സ്കൂൾ ഓഫ്ഡാൻസും പിടിഎയും ചേർന്ന് സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ ശ്രീശങ്കര നൃത്ത സംഗീതോൽസവം മെയ് 19 മുതൽ 24 വരെ നാസ ഓഡിറ്റോറിയത്തിൽ നടക്കും. ഫെസ്റ്റിവലിനു മുന്നോടിയായുള്ള തിരനോട്ടം മെയ് 17 ന് ശ്രീശങ്കര നാട്യമണ്ഡപത്തിൽ നടക്കും. 19 ന് വൈകുന്നേരം നാലിന് നാസ് ഹാളിൽ പത്മശ്രീ സീനിയർ ഗുരു ജയറാമ റാവു ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും.റോജി എം ജോൺ മുഖ്യ അതിഥിയായിരിക്കും.ഡോ. വർഗ്ഗീസ് മൂലനെ ചടങ്ങിൽ ആദരിക്കും. ഫെസ്റ്റിവൽ ചെയർമാൻ കെ ടി സലിം അധ്യക്ഷത വഹിക്കും. ഇംഗ്ളണ്ടിൽ നിന്നുള്ള ഡോ. ഗീത ഉപാധ്യയ്ക്ക് എൻ.ആർ.ഐ അവാർഡ് ചടങ്ങിൽ സമ്മാനിക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663